# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

സർവ്വകലാശാലയിലെ എം.ഫിൽ വിദ്യാർത്ഥികൾക്ക് 2018-19 അക്കാദമിക വർഷം മുതൽ പ്രതിമാസം ₹ 2000/- നിരക്കിൽ പരമാവധി ഒരു വർഷത്തേയ്ക്ക് ഫെലോഷിപ്പ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ6 വിഭാഗം**

യു.ഒ.നം. 375/എVI/2/21884/ജെ.ആർ.എഫ്/2018/അക്കാദമിക് പി.ഡി.ഹിൽസ്,തീയതി: 21/01/2019

---

പരാമർശം:-

1. ഓൾ കേരള റിസർച്ച് സ്കോളേഴ്സ് അസ്സോസ്സിയേഷൻ സെക്രട്ടറി 06.09.2018-ൽ സമർപ്പിച്ച നിവേദനം.
2. 14/01/2019-ൽ കൂടിയ സിൻഡിക്കേറ്റ് സ്റ്റാഫ് ഉപസമിതിയുടെ നടപടിക്രമങ്ങളുടെ ചുരുക്കം-ഒ.എ.1.

## ഉത്തരവ്

സർവ്വകലാശാലയിലെ എം.ഫിൽ വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ഓൾ കേരള റിസർച്ച് സ്കോളേഴ്സ് അസ്സോസ്സിയേഷൻ സെക്രട്ടറി പരാമർശം (1) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

14/01/2019-ൽ കൂടിയ സിൻഡിക്കേറ്റിന്റെ സ്റ്റാഫ് ഉപസമിതി വിഷയം പരിഗണിക്കുകയും താഴെപ്പറയും വിധം ശുപാർശ നൽകുകയും ചെയ്തു.

" 2018-19 അക്കാദമിക വർഷം മുതൽ M.Phil അഡ്മിഷൻ നേടുന്ന, മറ്റ് ഫെല്ലോഷിപ്പുകൾ ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ് അനുവദിക്കുന്നതിന് ശുപാർശ ചെയ്യുന്നു. ഫെല്ലോഷിപ്പ് തുക പ്രതിമാസം Rs. 2000/- രൂപ നിരക്കിൽ ഒരു വർഷത്തേക്ക് നിജപ്പെടുത്തുവാനും, വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ സ്വീകരിക്കുവാനും ശുപാർശ ചെയ്യുന്നു."

വൈസ് ചാൻസലറുടെ ചുമതലവഹിക്കുന്ന പ്രൊഫസർ, സിൻഡിക്കേറ്റ് ഉപസമിതിയുടെ മേൽപ്പടി ശുപാർശ പരിഗണിക്കുകയും മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10(17) പ്രകാരം ശുപാർശ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**
**രമേഷ് നാരായൺ**
**അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)**
**രജിസ്ട്രാർക്ക് വേണ്ടി.**

പകർപ്പ്:

1. ബന്ധപ്പെട്ട കോളേജ്/പഠനവകുപ്പ് തലവൻമാർ
2. വൈസ് ചാൻസിലർ, പ്രോ വൈസ്ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എമാർ
4. ആഡിറ്റ് V/ജനറൽ ക്യാഷ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

5. ജോയിന്റ് ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്
6. ഐ.ക്യൂ.എ.സി/റെക്കോർഡ് സെക്ഷൻ/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
7. പി.ആർ.ഒ./എൻക്വയറി
8. കരുതൽ ഫയൽ/ഫയൽ കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

ഫയൽ നം: എസി.എ6/2/21884/ജെ.ആർ.എഫ്/2018

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം